എ.വൈ.ആർ

പ്രബോധകന്റെ കുടുംബം അദ്ദേഹത്തിന്റെ ഉദ്ബോധനവും മുന്നറിയിപ്പും ധിക്കരിച്ചു മുന്നോട്ടു പോവുകയാണെങ്കിൽ അവരുടെ ആ പോക്കിൽ അദ്ദേഹം സഹകരിച്ചുകൂടാ. കുടുംബബന്ധത്തിന് ഉലച്ചിൽ തട്ടിയാലോ, കുടുംബത്തിന്റെ സംരക്ഷണവും സാമ്പത്തികാനുകൂല്യങ്ങളും നഷ്ടപ്പെട്ടാലോ എന്നൊക്കെ ആശങ്കിച്ച് കുറച്ചൊക്കെ ജാഹിലിയ്യത്തിൽ സഹകരിച്ചും പങ്കുചേർന്നും അവരുടെ തൃപ്തി നിലനിർത്താം എന്നു ചിന്തിക്കരുത്. കുടുംബക്കാരോടു മാത്രമല്ല നാട്ടുപ്രമാണിമാരോടും നേതാക്കളോടുമെല്ലാം സ്വീകരിക്കേണ്ടത് ഈ നയം തന്നെയാണ്.



وَأَنْذِرْ عَشِيرَتَكَ الْأَقْرَبِينَ ﴿٢١٤﴾

214. നിന്റെ ഉറ്റബന്ധുക്കൾക്കൊക്കെയും മുന്നറിയിപ്പു നൽകേണം.

وَاخْفِضْ جَنَاحَكَ لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ ﴿٢١٥﴾

215. നിന്നെ പിന്തുടരുന്ന സത്യവിശ്വാസികളെ കാരുണ്യത്തോടെ സംരക്ഷിക്കേണം.

**214,215**

وَأَنْذِرْ = നീ മുന്നറിയിപ്പു നൽകേണം

عَشِيرَتَكَ الْأَقْرَبِينَ = അടുത്തവരായ കുടുംബക്കാർക്ക് (ഉറ്റബന്ധുക്കൾക്കൊക്കെയും)

وَاخْفِضْ جَنَاحَكَ = നിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക (കാരുണ്യവാത്സല്യത്തോടെ സംരക്ഷിക്കേണം)

لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ = വിശ്വാസികളിൽനിന്ന് നിന്നെ പിന്തുടർന്നവർക്ക് (നിന്നെ പിന്തുടരുന്ന സത്യ-വിശ്വാസികൾക്ക്)

അടുത്ത ബന്ധുക്കളാണ് عَشِيرة. അതുതന്നെയാണ് أَقرَبُون -ഉം. രണ്ടു പദങ്ങളും ഒരുമിച്ചുപയോഗിച്ചത് ഏറ്റവും ഉറ്റവരും പ്രിയപ്പെട്ടവരുമായ എല്ലാ ബന്ധുക്കളും എന്ന അർഥം ഉൽപാദിപ്പിക്കുന്നു. പ്രബോധകൻ തന്റെ ആദർശത്തെക്കുറിച്ച് ബോധവാനാക്കേണ്ടതും അതിന്റെ താൽപര്യങ്ങളനുസരിക്കേണ്ടതും ആദ്യമായി സ്വയം തന്നെയാണ്. സ്വയം പ്രതിബദ്ധതയില്ലാത്ത ആദർശം പ്രബോധനം ചെയ്യുന്നത് നിരർഥകമാണ്. ചെയ്യാത്ത കാര്യങ്ങൾ പറഞ്ഞുനടക്കുന്നത് അല്ലാഹുവിങ്കൽ ഏറ്റം വെറുക്കപ്പെട്ട കാര്യമാണെന്ന് ഖുർആൻ (61: 2,3) പ്രസ്താവിച്ചിട്ടുണ്ട്. പ്രബോധകന്റെ അടുത്ത പ്രബോധിതർ സ്വന്തം ഉറ്റവരും ഉടയവരും തന്നെയാണ്. ഒരാളുടെ ഭൗതിക സമ്പത്ത് ആദ്യം പ്രയോജനപ്പെടേണ്ടത് അയാളുടെ ഉറ്റവർക്കും ഉടയവർക്കുമാണെന്നതിൽ തർക്കമില്ലല്ലോ. കുടുംബത്തിന്റെ അത്യാവശ്യങ്ങൾ കഴിച്ച് മിച്ചമുള്ളതാണ് സമൂഹത്തിൽ വിതരണം ചെയ്യേണ്ടത്. അതുപോലെ ആത്മീയ സമ്പത്തിന്റെ- ആദർശത്തിന്റെയും അറിവിന്റെയും സംസ്കാരത്തിന്റെയും അടുത്ത അവകാശികളും കുടുംബം തന്നെയാണ്. സ്വയം സംസ്കരിക്കുക, പിന്നെ കുടുംബത്തെ സംസ്കരിക്കുക, തുടർന്ന് സമൂഹത്തെ സംസ്കരിക്കുക എന്നതാണ് ഇസ്ലാമിന്റെ സംസ്കരണ മുറ. കുടുംബത്തെ അവഗണിച്ച് സമുദായത്തെ സംസ്കരിക്കാൻ ശ്രമിക്കുന്നതും കുടുംബത്തെ പട്ടിണിക്കിട്ട് മറ്റുള്ളവരുടെ വയറു നിറക്കാൻ ശ്രമിക്കുന്നതും ഒരുപോലെയാണ്. ഈ സൂക്തം അവതരിച്ചപ്പോൾ നബി(സ) തന്റെ പ്രിയപുത്രി ഫാത്വിമ ഉൾപ്പെടെയുള്ള പ്രിയപ്പെട്ടവരെയും ഉറ്റവരെയും പേർ ചൊല്ലി വിളിച്ചും ബന്ധു കുടുംബങ്ങളെ ബനുൽ മുത്ത്വലിബ്, ബനൂഅബ്ദിശ്ശംസ് എന്നിങ്ങനെ കുടുംബപ്പേരിൽ വിളിച്ചും ഖുറൈശികളെ മൊത്തത്തിൽ വിളിച്ചുകൂട്ടിയും ഉപദേശിച്ചിരുന്നു. സ്വഫാ കുന്നിന്റെ ഉച്ചിയിൽ കയറിനിന്നാണ് ഖുറൈശികളെ മൊത്തത്തിൽ വിളിച്ചുകൂട്ടി ഉദ്ബോധനം ചെയ്തത്. പ്രവാചകനെ നിഷേധിച്ചിരുന്നവർ പൊതുവിൽ അതു കാര്യമാക്കുകയുണ്ടായില്ല. പ്രവാചകന്റെ പിതൃവ്യൻ അബൂലഹബിനെപ്പോലുള്ള ചിലർ അദ്ദേഹത്തെ കഠിനമായി ഭർത്സിക്കുകയും ചെയ്തു. ദൈവിക സന്ദേശം പ്രബോധനം ചെയ്തുകൊണ്ട് തിരുമേനി എല്ലാവരോടും മുഖ്യമായി പറഞ്ഞത് ഇതാണ്: انقذوا انفسكم من النّار لا اغنى عنكم من الله شيئا (നരകത്തിൽനിന്ന് സ്വയം രക്ഷിക്കുവിൻ, പരലോകത്ത് അല്ലാഹുവിങ്കൽനിന്ന് യാതൊന്നും നിങ്ങൾക്ക് നേടിത്തരാൻ എനിക്കു കഴിയില്ല). ഉറ്റബന്ധുക്കളോട് പറഞ്ഞു: എന്റെ സമ്പത്തിൽനിന്ന് നിങ്ങൾക്കു വേണ്ടതു ചോദിച്ചുകൊള്ളുക. പക്ഷേ, പരലോകത്ത് നിങ്ങൾക്ക് യാതൊരു ഗുണവും ദോഷവും ചെയ്യാൻ എനിക്കധികാരമില്ല. ഈ ഉദ്ബോധനം നൽകാൻ ചിലപ്പോൾ ബന്ധുക്കളെ ചെന്നു കണ്ടു. ചിലപ്പോൾ സദ്യയൊരുക്കി പ്രമുഖരെ വീട്ടിലേക്കു ക്ഷണിച്ചുവരുത്തി. ബുഖാരിയും മു

സ്‌ലിമും ഉൾപ്പെടെയുള്ള പ്രധാന ഹദീസ് ഗ്രന്ഥങ്ങളിൽ ഇതു സംബന്ധിച്ച നിരവധി നിവേദനങ്ങൾ കാണാം. രണ്ടാം ഖലീഫ ഉമറി(റ) ന്റെ ഭരണചരിത്രത്തിൽ പറയുന്നു: സുപ്രധാനമായ വല്ല നിയമവും നടപ്പിലാക്കാൻ തീരുമാനിച്ചാൽ അദ്ദേഹം സ്വന്തം കുടുംബത്തെ വിളിച്ചുകൂട്ടി അവരോട് പറയും: ''ഞാനിതാ ഇന്നയിന്ന നിയമങ്ങൾ നടപ്പിലാക്കാൻ പോകുന്നു. നിങ്ങളിലാരെങ്കിലും അതു ലംഘിച്ചാൽ അയാളെ ഞാൻ മൊത്തം മുസ്‌ലിം സമുദായത്തിന് മറക്കാനാവാത്ത പാഠമാക്കും.'' ആ നിയമത്തിന്റെ പ്രയോഗവൽക്കരണം തുടങ്ങിയിരുന്നതും കുടുംബത്തിൽനിന്നാണ്.

മുഹമ്മദ് നബി(സ)യോട് കുടുംബത്തെ പ്രബോധനം ചെയ്യാൻ കൽപിക്കുന്നതിന് മറ്റൊരു മാനവും കൂടിയുള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. അറബ് ജനത പൊതുവിൽ വിശുദ്ധ ദൈവിക ഗേഹമായി ആദരിച്ചിരുന്ന കഅ്ബയുടെ പരികർമികളും പരിചാരകരുമായിരുന്നു പ്രവാചക കുടുംബം ഉൾപ്പെടുന്ന ഖുറൈശ് ഗോത്രം. എല്ലാ അറബികളും അവരെ നേതാക്കളും ആത്മീയാചാര്യരുമായി മാനിച്ചിരുന്നു. ഖുറൈശികൾ പ്രവാചകനെ അംഗീകരിച്ചാൽ പിന്നെ മറ്റുള്ള അറബികളുടെ അംഗീകാരം നേടുക അനായാസകരമായിരിക്കും. ദൈവിക സന്ദേശവുമായി അധികാരികളെയും വരേണ്യ വർഗത്തെയും ആദ്യം സമീപിക്കുക പ്രവാചകന്മാരുടെ പൊതുരീതിയായിരുന്നു. പ്രവാചകത്വം നൽകിയ ഉടനെ ഫറവോനെ പ്രബോധനം ചെയ്യാനാണല്ലോ അല്ലാഹു മൂസാ നബിയോട് കൽപിച്ചത്. യഹൂദ പണ്ഡിതന്മാരെയും പ്രമാണിമാരെയും പ്രബോധനം ചെയ്യുന്നതിന് ഈസാ(അ)യും പ്രഥമ പരിഗണന നൽകിയതായി കാണാം. അവർ സ്വന്തം അഹന്തയിലും യാഥാസ്ഥിതിക ധാർഷ്ട്യത്തിലും ഉറച്ചുനിന്നുകൊണ്ട് നിരാശപ്പെടുത്തിയപ്പോഴാണ് അദ്ദേഹം സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരിലേക്കു തിരിഞ്ഞത്.

പ്രവാചകന്റെ സവിശേഷമായ സ്നേഹവാത്സല്യങ്ങളർഹിക്കുന്നത് സ്വന്തം കുടുംബാംഗങ്ങൾ മാത്രമല്ല. എല്ലാ സത്യവിശ്വാസികളോടും അദ്ദേഹത്തിന് അകംനിറഞ്ഞ കാരുണ്യവും ഉത്തരവാദിത്തവുമുണ്ടായിരിക്കണം. തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിലൊതുക്കി ശത്രുക്കളിൽനിന്ന് സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കണം. സ്നേഹത്തോടെ, കാരുണ്യത്തോടെ, മൃദുലമായ പരിചരണത്തോടെ സംരക്ഷിക്കുക എന്ന ആശയത്തിലുള്ള പ്രയോഗമാണ് خفض الجناح . 16:88-ലും واخفض جناحك للمؤمنين -സത്യവിശ്വാസികളെ നീ കാരുണ്യത്തോടെ സംരക്ഷിക്കണം- എന്ന് പ്രവാചകനോടാവശ്യപ്പെടുന്നുണ്ട്. 16:24-ൽ പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനെക്കുറിച്ച് واخفض لهما جناح الذّل من الرّحمة (ഇരുവരെയും കാരുണ്യത്താലുള്ള എളിമയുടെ ചിറകിലൊതുക്കി ശുശ്രൂഷിക്കേണം) എന്നാണ് കൽപിക്കുന്നത്.

മുഹമ്മദീയ പ്രവാചകത്വത്തിന്റെ ആദ്യഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്ന് വളരെ കുറച്ചു പേരേ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നുള്ളൂ. പ്രവാചകനെ ശത്രുക്കളുടെ ആക്രമണത്തിൽനിന്നും രക്ഷിച്ചിരുന്ന പിതൃവ്യന്മാരായ അബൂത്വാലിബും അബ്ബാസും വരെ ഇസ്‌ലാമിൽ ചേർന്നിരുന്നില്ല. മറ്റൊരു പിതൃവ്യനായ അബൂലഹബിനെപ്പോലുള്ളവർ കൊടിയ ശത്രുക്കളും പീഡകരുമായിരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരും ദരിദ്രരുമായിരുന്നു വിശ്വാസികളിലധികവും. തീരെ അധഃസ്ഥിതരും നിസ്സാരരുമായിട്ടാണ് ഖുറൈശി വരേണ്യവർഗം അവരെ വീക്ഷിച്ചത്. പാവപ്പെട്ട വിശ്വാസികൾ അവരുടെ മർദന പീഡനങ്ങൾക്ക് ഇരകളായിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ, അവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്നും സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞ് അവരെ സംരക്ഷിക്കണമെന്നും പ്രവാചകനെ സവിശേഷം ഉണർത്തുകയാണ് ഈ വാക്യത്തിലൂടെ. ■

---

فَإِنْ عَصَوْكَ فَقُلْ إِنِّي بَرِيءٌ مِّمَّا تَعْمَلُونَ ﴿٢١٦﴾

216. അവർ നിന്നെ ധിക്കരിക്കുന്നുവെങ്കിൽ തുറന്നു പ്രഖ്യാപിച്ചുകൊള്ളുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ എനിക്ക് യാതൊരു ഉത്തരവാദിത്വവുമില്ല.

**216**

فَإِنْ عَصَوْكَ = അവർ നിന്നെ ധിക്കരിച്ചു(ക്കുന്നു)വെങ്കിൽ

فَقُلْ = അപ്പോൾ നീ അവരോട് പറയുക (തുറന്ന് പ്രഖ്യാപിച്ചുകൊള്ളുക)

إِنِّي بَرِيءٌ = ഞാൻ മുക്തനാകുന്നു, നിരപരാധിയാകുന്നു (എനിക്ക് യാതൊരു ഉത്തരവാദിത്തവുമില്ല)

مِّمَّا تَعْمَلُونَ = നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന്

കുടുംബത്തെ പ്രബോധനം ചെയ്താൽ ഉടനെ അവരെല്ലാം സത്യവിശ്വാസികളാവണമെന്നില്ല. കുടുംബത്തിനു പുറത്തുള്ളവരെപ്പോലെ അകത്തുള്ള പലരും ചെകുത്താന്റെ സ്വാധീനത്തിനു വിധേയരായി സത്യനിഷേധികളായെന്നിരിക്കും. കുടുംബത്തിൽ ഒരംഗം, അല്ലെങ്കിൽ കുടുംബനാഥൻ സത്യപ്രബോധകനാകുന്നത് ചില കുടുംബാംഗങ്ങളുടെ സത്യനിഷേധത്തെ വളർത്തുകയാണ് ചെയ്യുക. ചിലർ പ്രബോധകരോട് വിരക്തിയും പുച്ഛവും പ്രകടിപ്പിക്കുന്നു. ചിലർ അവരെ അവിവേകികളും കാര്യബോധമില്ലാത്തവരുമെന്നാക്ഷേപിക്കുന്നു. നബി(സ) പ്രസ്താവിച്ചതായി അബുദ്ദർദാഇൽനിന്ന് ഇബ്നു മർദവൈഹിയും ഇബ്നു അസാക്കിറും ഉദ്ധരിക്കുന്നു: ''പ്രവാചകന്മാരോട് ഏറ്റം വിരക്തിയുള്ളവരും കടുപ്പം കാട്ടുന്നവരും അവരുടെ ഉറ്റവരായിരിക്കും. وَأَنْذِرْ عَشِيرَتَكَ الْأَقْرَبِينَ എന്ന സൂക്തം അതു സൂചിപ്പിക്കുന്നു.'' തിരുമേനി തുടർന്നു: ''ഈ ലോകത്ത് അദ്ദേഹത്തോട് ഏറ്റം വിരക്തിയുള്ളവർ അദ്ദേഹ

ത്തിന്റെ കുടുംബക്കാർ തന്നെയായിരിക്കും; അദ്ദേഹം ഈ ലോകം വെടിയുന്നതുവരെ. അദ്ദേഹമാകട്ടെ കുടുംബക്കാർക്കും അയൽക്കാർക്കും നല്ലതു ശിപാർശ ചെയ്തുകൊണ്ടിരിക്കും. അങ്ങനെ അദ്ദേഹം മരിച്ചാൽ മുരത്ത ചെകുത്താന്മാർ അവരിൽനിന്ന് ഒഴിഞ്ഞുപോകും. റബീഅ-മുദർ ഗോത്രങ്ങളിലെ അംഗങ്ങളുടെ എണ്ണത്തേക്കാളധികമുണ്ടായിരിക്കും അവർ. എല്ലാവരും പ്രവാചക നിഷേധത്തിൽ നിരതരായിരുന്നു. അതിനാൽ നിങ്ങൾ അവരിൽനിന്ന് അല്ലാഹുവിൽ അധികമധികം ശരണം തേടിക്കൊണ്ടിരിക്കുക.''

പ്രബോധകന്റെ കുടുംബം അദ്ദേഹത്തിന്റെ ഉദ്ബോധനവും മുന്നറിയിപ്പും ധിക്കരിച്ചു മുന്നോട്ടു പോവുകയാണെങ്കിൽ അവരുടെ ആ പോക്കിൽ അദ്ദേഹം സഹകരിച്ചുകൂടാ. കുടുംബബന്ധത്തിന് ഉലച്ചിൽ തട്ടിയാലോ, കുടുംബത്തിന്റെ സംരക്ഷണവും സാമ്പത്തികാനുകൂല്യങ്ങളും നഷ്ടപ്പെട്ടാലോ എന്നൊക്കെ ആശങ്കിച്ച് കുറച്ചൊക്കെ ജാഹിലിയ്യത്തിൽ സഹകരിച്ചും പങ്കുചേർന്നും. അവരുടെ തൃപ്തി നിലനിർത്താം എന്നു ചിന്തിക്കരുത്. കുടുംബക്കാരോടു മാത്രമല്ല നാട്ടുപ്രമാണിമാരോടും നേതാക്കളോടുമെല്ലാം സ്വീകരിക്കേണ്ടത് ഈ നയം തന്നെയാണ്. അവരോട് പറഞ്ഞേക്കണം; നിങ്ങളുടെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ഞാൻ തികച്ചും മുക്തനാകുന്നു. അവയോടു സഹകരിക്കാനോ പങ്കുചേരാനോ ഞാനൊരിക്കലും തയാറല്ല. മുഹമ്മദ് നബിയുടെ സ്വന്തക്കാരോടുള്ള പ്രബോധനത്തിലെ അവസാന വാക്കാണിത്. അനന്തരം പ്രവാചക നിഷേധികൾക്ക് ദൈവശിക്ഷയുടെയും, പ്രവാചകന്നും കൂട്ടുകാർക്കും ഹിജ്റയുടെയും ഘട്ടം സമാഗതമാകുന്നു. സ്വന്തക്കാരാലും നാട്ടുകാരാലും പൂർണമായി നിഷേധിക്കപ്പെട്ട മിക്ക പ്രവാചകന്മാരിൽനിന്നും ഈ വിമുക്തി പ്രഖ്യാപനം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇബ്റാഹീം(അ) സ്വപിതാവിനോട് മോചനം പ്രഖ്യാപിച്ചത് ഈ സൂറയുടെ 75-77 സൂക്തങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്. ■

---

وَتَوَكَّلْ عَلَى الْعَزِيزِ الرَّحِيمِ ﴿٢١٧﴾

الَّذِي يَرَاكَ حِينَ تَقُومُ ﴿٢١٨﴾

وَتَقَلُّبَكَ فِي السَّاجِدِينَ ﴿٢١٩﴾

إِنَّهُ هُوَ السَّمِيعُ الْعَلِيمُ ﴿٢٢٠﴾

217. പ്രവാചകൻ, അജയ്യനും കരുണാമയനുമായ അല്ലാഹുവിൽ ഭരമേൽപിച്ചുകൊള്ളുക.

218. അവൻ നിന്നെ കാണുന്നുണ്ട്; നീ എഴുന്നേൽക്കുമ്പോഴും,

219. നമസ്കരിക്കുന്നവർക്കിടയിലുള്ള നിന്റെ ചുറ്റിനടപ്പും.

220. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനും തന്നെയാകുന്നു.

**217-220**

وَتَوَكَّلْ = നീ (പ്രവാചകൻ) ഭരമേൽപിച്ചുകൊള്ളുക

عَلَى الْعَزِيزِ الرَّحِيمِ = കരുണാമയ(നും)നായ അജയ്യനിൽ(അജയ്യനുമായ അല്ലാഹുവിൽ)

الَّذِي يَرَاكَ = നിന്നെ കാണുന്നവനിൽ(അവൻ നിന്നെ കാണുന്നുണ്ട്) حِينَ تَقُومُ = നീ എഴുന്നേൽക്കുമ്പോൾ(ഴും)

وَتَقَلُّبَكَ = നിന്റെ മറിഞ്ഞുതിരിയലും (ചുറ്റിനടപ്പും)

فِي السَّاجِدِينَ = പ്രണാമം ചെയ്യുന്നവരിൽ (നമസ്കരിക്കുന്നവർക്കിടയിലുള്ള) إِنَّهُ = തീർച്ചയായും അവൻ

هُوَ السَّمِيعُ الْعَلِيمُ = എല്ലാം അറിയുന്ന സർവ ശ്രോതാവ്(എല്ലാം കേൾക്കുന്നവനും അറിയുന്നവനും)തന്നെയാകുന്നു

മുകളിൽ നിർദേശിച്ചവിധം ബന്ധവിഛേദം പ്രഖ്യാപിക്കുന്നതിന്റെ അനന്തരഫലമാലോചിച്ച് ഉത്കണ്ഠപ്പെടേണ്ടതില്ല. എല്ലാം അജയ്യനും കരുണാമയനുമായ അല്ലാഹുവിൽ ഭരമേൽപിക്കുക. മുന്നോട്ടുള്ള വഴി അവൻ കാണിച്ചുതരും. ക്ലേശങ്ങളും വിപത്തുകളും നേരിടേണ്ടിവരുമ്പോൾ പ്രവാചകന്നും സഖാക്കൾക്കും അവൻ സഹായമരുളും. അജയ്യനായതിനാൽ അവനുദ്ദേശിക്കുന്നതെന്തും ചെയ്യാൻ കഴിയും. അവന്റെ കൈ തടയുന്നവരാരുമില്ല. തനിക്കുവേണ്ടി ഉറ്റവരെയും ഉടയവരെയും വെടിഞ്ഞുവന്ന ഇഷ്ടദാസന്മാരെ കരുണാമയനായ അവൻ ആപത്തിൽ കൈവെടിയുകയുമില്ല. ഇവിടെ ഒരു കാര്യം സ്മരണീയമാകുന്നു. സ്വന്തക്കാരോടും ബന്ധുക്കളോടും വിഛേദനം പ്രഖ്യാപിക്കുന്ന പ്രവാചകനും കൂട്ടുകാരും തങ്ങൾക്ക് പരിചിതമായ ചുറ്റുപാടിൽനിന്ന് തികച്ചും അപരിചിതമായ പുതിയൊരു ചുറ്റുപാടിലേക്ക് എടുത്തെറിയപ്പെടുകയാണ്. വെല്ലുവിളികൾ നേരിട്ടുകൊണ്ട് ആ സാഹചര്യത്തെ മെരുക്കിയെടുക്കുക ഏറെ ക്ലേശകരമായിരിക്കും. മിത്രങ്ങളെല്ലാം ശത്രുക്കളായി. ഭാവി എന്തായിരിക്കുമെന്ന് ഒരു രൂപവുമില്ല. പുതിയ മിത്രങ്ങളുണ്ടാകുമോ? ഉണ്ടായാൽ അവർക്ക് തങ്ങളെ ശത്രുക്കളിൽനിന്ന് രക്ഷിക്കാൻ കഴിയുമോ? ഒന്നും ഉറപ്പിച്ചു പറയാനാവില്ല. അജയ്യനും കരുണാമയനുമായ വിധാതാവിൽ സർവവും സമർപ്പിച്ചുകൊണ്ടു മാത്രമേ ഇത്തരമൊരു സാഹചര്യത്തെ തരണം ചെയ്യാൻ കഴിയൂ.

തുടർന്ന്, പ്രവാചകനും സഖാക്കളും ആരാധനാനു

ഷ്ഠാനങ്ങളിൽ പുലർത്തുന്ന നിഷ്ഠയെയും പ്രബോധനരംഗത്ത് നടത്തുന്ന ത്യാഗപരിശ്രമങ്ങളെയും ശിഷ്യന്മാരുടെ സംസ്കരണത്തിലും പരിശീലനത്തിലും പ്രവാചകൻ പുലർത്തുന്ന ജാഗ്രതയെയും പ്രശംസിച്ചുകൊണ്ട് അതെല്ലാം അല്ലാഹു ശരിക്കും കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെന്ന് ഉണർത്തുകയാണ്. حِينَ تَقُومُ-നീ എഴുന്നേൽക്കുമ്പോൾ- എന്നതിന് പല താൽപര്യങ്ങൾ പറയപ്പെട്ടിരിക്കുന്നു. നമസ്കരിക്കുമ്പോൾ -പ്രത്യേകിച്ച് രാത്രി ഉണർന്ന് തഹജ്ജുദ് നമസ്കരിക്കുമ്പോൾ- എന്നാണ് ഒന്ന്. ജനങ്ങളെ ഉദ്ബോധിപ്പിക്കാനും മുന്നറിയിപ്പു നൽകാനും പരിശ്രമിക്കുമ്പോൾ എന്നാണ് മറ്റൊരാശയം. ആദ്യം പറഞ്ഞതാണ് കൂടുതൽ പ്രബലമായ വ്യാഖ്യാനം. എങ്കിലും രണ്ടാമത്തേത് ആദ്യത്തേതിന് എതിരാകുന്നില്ല. പ്രബോധന സാഹചര്യം എത്രത്തോളം പ്രതികൂലമാകുന്നുവോ, പ്രവാചകന്റെ നിശാപ്രാർഥന അത്രത്തോളം ജാഗ്രത്തും വർധിതവുമാവുക സ്വാഭാവികമാണ്. ഈ പ്രാർഥനയും പരിശ്രമവും അല്ലാഹു കാണുന്നുണ്ട്; എന്നുവെച്ചാൽ അതൊന്നും ഒട്ടും പാഴായിപ്പോവുകയില്ല എന്നാണർഥം.

തിരിയലും മറിയലുമാണ് ഭാഷയിൽ تقلب. പോക്കുവരവ്, വ്യവഹാരം, ചുറ്റിത്തിരിയൽ, കൃത്യാന്തരങ്ങൾ എന്നൊക്കെ പ്രയോഗാർഥങ്ങളുണ്ട്. പ്രയോഗാർഥങ്ങളാണ് ഇവിടെ ഉദ്ദേശ്യം. تَقَلُّبَكَ فِي السَّاجِدِينَ എന്ന വാക്കിനും വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിരിക്കുന്നു. നമസ്കാരത്തിൽ ഏർപ്പെടുന്ന ശിഷ്യന്മാർക്കിടയിലൂടെ നീ കറങ്ങിനടക്കുമ്പോൾ എന്ന ആശയമാണ് കൂടുതൽ പ്രബലം. നിശാ നമസ്കാരത്തിലും പ്രാർഥനകളിലും പ്രവാചകൻ പുലർത്തിയിരുന്ന താൽപര്യവും ജാഗ്രതയും ശിഷ്യന്മാരിലേക്കും പകരാൻ അവിടുന്ന് ശ്രദ്ധാപൂർവം പരിശ്രമിച്ചിരുന്നു. ഇടക്കിടെ മസ്ജിദിലെത്തി ശിഷ്യന്മാരുടെ നമസ്കാരവും മറ്റാരാധനകളും വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും വീഴ്ചകളുണ്ടെങ്കിൽ തിരുത്തിക്കൊടുക്കുകയും ചെയ്തിരുന്നു. 215-ാം സൂക്തത്തിൽ നിർദേശിച്ച കാരുണ്യത്തിന്റെയും സ്നേഹവാത്സല്യത്തിന്റെയും താൽപര്യമാണത്. തന്റെ സഖാക്കൾ തന്നെപ്പോലെ ഉത്തിഷ്ഠതയും ജാഗ്രതയുമുള്ളവരായിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എല്ലാ പ്രവാചകന്മാരുടെയും സ്വഭാവമാണത്. ഈസാ (അ) നേരിട്ട പരീക്ഷണങ്ങളുടെ അവസാന ഘട്ടത്തെക്കുറിച്ച് ബൈബിൾ പറയുന്നുണ്ട്. അദ്ദേഹം ഒരു മലമുകളിൽ ചെന്ന് പ്രാർഥനാ നിരതനായി. ഉണർന്നു പ്രാർഥിക്കാനും കുഴപ്പത്തിലകപ്പെടാതിരിക്കാനും ശിഷ്യന്മാരോട് നിർദേശിച്ചു. അദ്ദേഹം പലവട്ടം ശിഷ്യന്മാരെ സന്ദർശിച്ച് അവർ പ്രാർഥിക്കുന്നുണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും വിളിച്ചുണർത്തി പ്രാർഥിക്കാനും കുഴപ്പത്തിൽ പതിക്കാതിരിക്കാനും ഉപദേശിച്ചുകൊണ്ടിരുന്നു.

217-ാം സൂക്തത്തിൽ 'തവക്കുൽ' -അല്ലാഹുവിൽ ഭരമേൽപിക്കാൻ- ഉപദേശിച്ചത് അവന്റെ അജയ്യൻ, കരുണാമയൻ എന്നീ ഗുണങ്ങൾ അനുസ്മരിച്ചുകൊണ്ടാണ്. ഇവിടെ പ്രവാചകന്റെയും സഖാക്കളുടെയും പ്രബോധന പരിശ്രമങ്ങളും ആരാധനകളും പരാമർശിക്കുന്നത് അല്ലാഹുവിന്റെ സർവ ശ്രോതാവ്, സർവജ്ഞൻ എന്നീ ഗുണങ്ങളനുസ്മരിച്ചുകൊണ്ടാണ്. തവക്കുലിന്റെ പ്രചോദനം അല്ലാഹു അജയ്യനും കാരുണികനുമാണെന്ന ബോധവും കർമാനുഷ്ഠാനത്തിന്റെ പ്രചോദനം അത് അല്ലാഹു കാണുകയും കേൾക്കുകയും അർഹിക്കുന്ന കർമഫലം വിധിക്കുകയും ചെയ്യുമെന്ന ബോധവുമാണെന്ന് വ്യക്തമാണല്ലോ. ■

---

هَلْ أُنَبِّئُكُمْ عَلَىٰ مَن تَنَزَّلُ الشَّيَاطِينُ ﴿٢٢١﴾

تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ ﴿٢٢٢﴾

يُلْقُونَ السَّمْعَ وَأَكْثَرُهُمْ كَاذِبُونَ ﴿٢٢٣﴾

221. ചെകുത്താന്മാർ ഇറങ്ങുന്നത് ആരിലാണെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ?

222. സകല പെരും നുണയന്മാരിലും കൊടും പാപികളിലുമത്രെ അവൻ ഇറങ്ങുന്നത്.

223. അവർ ചെകുത്താന്മാർക്കു ചെവികൊടുക്കുന്നു. അവരിലധികവും നുണയന്മാരാകുന്നു.

**221-223**

هَلْ أُنَبِّئُكُمْ = ഞാൻ നിങ്ങളെ അറിയിക്കട്ടെയോ(നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ)

عَلَىٰ مَن تَنَزَّلُ الشَّيَاطِينُ = ചെകുത്താൻ ഇറങ്ങുന്നത് ആരിലാണെന്ന് تَنَزَّلُ = അവൻ ഇറങ്ങുന്നു(ന്നത്)

عَلَىٰ كُلِّ أَفَّاكٍ أَثِيمٍ = എല്ലാ ഓരോ കൊടും പാപിയായ പെരും നുണയനിലുമത്രെ

يُلْقُونَ السَّمْعَ = ശ്രദ്ധിച്ചു കേൾക്കുന്നു (ചെകുത്താന്മാർക്ക് ചെവികൊടുക്കുന്നു) അവർ

وَأَكْثَرُهُمْ = അവരിലധികവും كَاذِبُونَ = നുണയന്മാരാകുന്നു

تَتَنَزَّلُ -വിൽനിന്ന് ഒരു താഉ് (تَاء) കളഞ്ഞതാണ് تَنَزَّلُ. ഇറങ്ങലും അവരോഹണവും അവതരണവുമൊക്കെയാണ് تنزيل . അതിന്റെ വർത്തമാന ക്രിയാരൂപമാണ് تَتَنَزَّلُ. സാത്താനിക പ്രചോദനത്തെയാണ് ഇവിടെ അതുകൊണ്ട് വിവക്ഷിക്കുന്നത്. ജോത്സ്യന്മാർ, മന്ത്രവാദികൾ, കവികൾ, പുരോഹിതന്മാർ തുടങ്ങിയവർക്ക് ചെകുത്താന്മാർ അഭൗതിക ലോകത്തുനിന്നുള്ള വിവരങ്ങൾ ഓതിക്കൊടുക്കുന്നുണ്ട്. അങ്ങനെയാണ് അവർക്ക് അദൃശ്യകാര്യങ്ങൾ പറയാൻ

കഴിയുന്നത്. അതുപോലെ മുഹമ്മദിന് ഈ വചനങ്ങളോതിക്കൊടുക്കുന്നതും ചെകുത്താനാണ്. അതൊക്കെ ദൈവം നൽകിയ വിശുദ്ധ വെളിപാടുകളാണെന്ന വ്യാജേന നമ്മുടെ മുമ്പിലവതരിപ്പിക്കുകയാണയാൾ- ഇതായിരുന്നു അവിശ്വാസികളുടെ പ്രചാരവേല. ഈ പ്രചാരണത്തെ ഖണ്ഡിച്ചുകൊണ്ട് ഖുർആന്റെ ഉറവിടവും അതിന്റെ സുരക്ഷിതത്വവും അതു വന്ന മാർഗവും അതിന്റെ വാഹകന്റെ വിശുദ്ധിയുമെല്ലാം വിശദീകരിക്കുകയായിരുന്നു മുൻ സൂക്തങ്ങൾ. തുടർന്ന് ഈ ചർച്ചയുടെ സംഗ്രഹമെന്നോണം വിമർശകരോട് പറയുകയാണ്; യഥാർഥത്തിൽ ചെകുത്താൻ പ്രചോദിപ്പിക്കുന്നത് ആരെയാണെന്നറിയണമെങ്കിൽ പറഞ്ഞുതരാം. പെരും നുണയന്മാരിലും കൊടും പാപികളിലുമാണ് ചെകുത്താൻ ഇറങ്ങുന്നത്. أَفَّاكٍ أَثِيمٍ എന്നാണ് മൂലവാക്ക്. افك (കളവ്, കൃത്രിമം) ന്റെ കർതൃവചനമായ أفيك (വ്യാജൻ, നുണയൻ)- اثم(പാപം) ന്റെ കർതൃവചനമായ آثم-(പാപി) ന്റെയും അത്യുക്തിയാണ് أفّاك-ഉം اثيم -ഉം (കൊടുംപാപി). അത്തരക്കാരാണ് ചെകുത്താനെ സേവിക്കുകയും അവന് കാതു കൊടുക്കുകയും ചെയ്യുക. ഇവിടെ സൂചിപ്പിക്കുന്ന ചെകുത്താൻ മനുഷ്യച്ചെകുത്താന്മാരും - شياطين الانس -ആകാം, ജിന്നുചെകുത്താന്മാരും - شياطين الجنّ -ആകാം. സുഹൃത്തുക്കളുടെയും ഗുണകാംക്ഷികളുടെയും ആചാര്യന്മാരുടെയുമൊക്കെ വേഷത്തിൽ വന്ന് അധർമങ്ങളും അനാചാരങ്ങളും ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ദുഷ്ടന്മാരാണ് മനുഷ്യച്ചെകുത്താന്മാർ. മനസ്സിൽ ദുർമോഹങ്ങളും ദുർവിചാരങ്ങളും ഉണർത്തുകയും വളർത്തുകയുമാണ് അദൃശ്യരായ ജിന്നുചെകുത്താന്മാരുടെ രീതി.

ഖുർആൻ പരാമർശിക്കുന്നത് മന്ത്രവാദികളെയും ജോത്സ്യന്മാരെയും കവികളെയും കുറിച്ച് അറബികൾക്കുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെക്കുറിച്ചാണെന്ന കാര്യം മറന്നുകൂടാ. അക്കാര്യം വിസ്മരിച്ചുകൊണ്ട് ചിലർ ഈ സൂക്തങ്ങളെ ജോത്സ്യന്മാർക്കും മന്ത്രവാദികൾക്കുമൊക്കെ ചെകുത്താൻ സേവയിലൂടെ അദൃശ്യമായ ചില വിവരങ്ങളും കഴിവുകളും ലഭിക്കുന്നുണ്ടെന്നതിനും അതുവഴി അവർക്ക് ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നതിനും തെളിവായി ഗണിക്കുന്നുണ്ട്. ചെകുത്താന്മാരല്ലാത്ത ജിന്നുകളും ഇങ്ങനെ അദൃശ്യജ്ഞാനവും കഴിവുകളും നൽകി മനുഷ്യരെ സഹായിക്കാൻ സന്നദ്ധസേവകരായി വരുന്നുണ്ടെന്നാണ് ഇപ്പോൾ കേൾക്കുന്നത്. ചെകുത്താൻ ജിന്നിന്റെ (കാഫിർ ജിന്നിന്റെ) ബാധയും ദ്രോഹവുമൊക്കെ ഇസ്‌ലാം ജിന്നിൽനിന്ന് ലഭിക്കുന്ന അദൃശ്യ വിവരങ്ങൾകൊണ്ടും അഭൗതിക സഹായം കൊണ്ടും പ്രതിരോധിക്കാൻ കഴിയുമത്രെ. അങ്ങനെ പുരോഗമനവാദികളിൽ പോലും ജിന്നു വ്യവസായം പുരോഗമിച്ചുവരികയാണ്. ഇതിനൊക്കെ തെളിവായി ചില ഹദീസുകൾ ഉദ്ധരിക്കപ്പെടുന്നുവെന്നത് ശരിയാണ്. പക്ഷേ വിശുദ്ധ ഖുർആൻ ഈവക വിശ്വാസങ്ങളെയും ആചാരങ്ങളെയും ഒട്ടും സാധൂകരിക്കുന്നില്ല. ഖുർആൻ സൂക്തങ്ങൾ അതിനു തെളിവാകുന്നുമില്ല. പ്രകൃത സൂക്തങ്ങളുടെ കാര്യം തന്നെ എടുക്കാം. ചെകുത്താന്മാർ മനുഷ്യർക്ക് അദൃശ്യജ്ഞാനവും അഭൗതിക കഴിവുകളും നൽകുന്നുവെന്നാണ് അതിന്റെ താൽപര്യമെങ്കിൽ, സകലമാന ദുഷ്ടന്മാർക്കും കള്ളന്മാർക്കും അദൃശ്യജ്ഞാനവും അഭൗതിക സിദ്ധികളുമുണ്ടെന്നു സമ്മതിക്കേണ്ടിവരും. കാരണം ഖുർആൻ പറയുന്നത് ജോത്സ്യന്മാർക്കും സിദ്ധന്മാർക്കും ചെകുത്താൻ ഇറങ്ങുന്നു എന്നല്ല; മറിച്ച് എല്ലാ ഓരോ പെരും കള്ളന്നും കൊടും പാപിക്കും ചെകുത്താൻ ഇറങ്ങുന്നു -تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ- എന്നാണ്. മന്ത്രവാദ വിശ്വാസികളും സിദ്ധാരാധകരും അതു സമ്മതിക്കുമോ? ഈ സൂറയിൽ തന്നെ നേരത്തേ വന്ന 212-ാം സൂക്തം ശ്രദ്ധിക്കുക. അത്യുന്നത ലോകത്തെ വർത്തമാനങ്ങൾ കേൾക്കുന്നതിൽനിന്ന് ചെകുത്താന്മാർ അകറ്റപ്പെട്ടിരിക്കുന്നു എന്നാണത് അസന്ദിഗ്ധമായി പ്രസ്താവിക്കുന്നത്. സൂറ *അൽജിന്ന്* 8,9 സൂക്തങ്ങളിൽ ജിന്നുകളെ ഉദ്ധരിച്ചു പറയുന്നത് സൂക്തത്തിന്റെ വിശദീകരണത്തിൽ *ഖുർആൻ ബോധനം* ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞങ്ങൾ വാനലോകത്ത് പരതിനോക്കിയപ്പോൾ അവിടം പ്രബലരായ കാവൽക്കാരാലും തീജ്ജ്വാലകളാലും നിറഞ്ഞതായിട്ടാണ് കണ്ടത്. നേരത്തേ ഞങ്ങൾ അദൃശ്യ വിവരങ്ങൾ കട്ടുകേൾക്കാൻ ചില സ്ഥലങ്ങളിൽ ഇരിക്കാറുണ്ടായിരുന്നു. ഇപ്പോൾ കട്ടുകേൾക്കാൻ ശ്രമിക്കുന്നവരെ തീക്ഷ്ണമായ തീജ്ജ്വാലകൾ കാത്തിരിക്കുന്നു.'' ജിന്നുകൾ അത്യുന്നത ലോകത്തെ -ملأ الأعلى- വിവരങ്ങൾ ചോർത്താൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടുവെന്നും പണ്ട് അതിനു ശ്രമിച്ചുകൊണ്ട് പതുങ്ങിയിരിക്കാറുണ്ടായിരുന്ന സ്ഥലങ്ങളിലേക്ക് അടുക്കാൻ പോലും ഇപ്പോൾ കഴിയുന്നില്ല എന്നുമാണ് ഈ സൂക്തങ്ങൾ പറയുന്നത്. അല്ലാതെ, തങ്ങൾ അത്യുന്നത ലോകത്തെ വിവരങ്ങൾ ചോർത്തിയെടുക്കുന്നുവെന്നോ അതു മനുഷ്യർക്ക് കൈമാറുന്നുണ്ടെന്നോ പറയുന്നില്ല. ചുരുങ്ങിയ പക്ഷം ഇപ്പോൾ, അതായത് മുഹമ്മദീയ പ്രവാചകത്വത്തിനു ശേഷമെങ്കിലും ജിന്നുകൾക്കും പിശാചുക്കൾക്കും അദൃശ്യ വിവരങ്ങൾ ശേഖരിക്കാനും മനുഷ്യർക്ക് കൈമാറാനും ഒട്ടും സാധിക്കുകയില്ല.

അവരിലധികവും കള്ളം പറയുന്നവരാകുന്നു- وَأَكْثَرُهُمْ كَاذِبُونَ- എന്ന വാക്യത്തിന്റെ സാന്ദർഭികമായ താൽപര്യം അവരെല്ലാം കള്ളം പറയുന്നവരാകുന്നു എന്നാണെന്ന് തൊട്ടുമുമ്പുള്ള كُلِّ أَفَّاكٍ أَثِيمٍ -എല്ലാ പെരും നുണയന്മാരും കൊടും പാപികളും- എന്ന വാക്യവുമായി ചേർത്തുവായിക്കുമ്പോൾ സ്പഷ്ടമാകുന്നു. ഏതു വ്യാജന്മാർക്കും നിലനിൽക്കാൻ അൽപം സത്യവും പറയേണ്ടിവരുന്നതുകൊണ്ടാണ് അധികവും നുണയന്മാരാണെന്നു പറയുന്നതെന്നും വ്യാഖ്യാനമുണ്ട്. അതായത് അധികം എന്ന വിശേഷണം വക്താക്കളുമായല്ല, വാക്കുകളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ചെകുത്താൻ മനുഷ്യരിലേക്കിറങ്ങിവന്ന് അദൃശ്യ വിവരങ്ങൾ കൈമാറുന്നുണ്ടെന്ന് വിശ്വസിക്കുന്നവരുടെ വ്യാഖ്യാനം ഇങ്ങനെയാണ്: ചെകുത്താന്മാരിൽനിന്ന് ലഭിക്കുന്ന വിവരങ്ങളിൽ തങ്ങളുടെ വക ധാരാളം കള്ളങ്ങളും കൂട്ടിച്ചേർത്താണ് ജോത്സ്യന്മാരും പുരോഹിതന്മാരും ജനങ്ങളോട് പറയുന്നത്. 'അവരിലധികവും' എന്നാൽ 'ചെകുത്താന്മാരിലധികവും' എന്നും വ്യാഖ്യാനിക്കുന്നു. ചെകുത്താന്മാർ അത്യുന്നത ലോകത്തുനിന്ന് കട്ടുകേൾക്കുന്ന വാർത്താശകലങ്ങളിൽ സ്വന്തം വക ഏറെ കള്ളങ്ങൾ കൂട്ടിച്ചേർത്താണ് മനുഷ്യരായ മന്ത്രവാദികൾക്കും പുരോഹിതന്മാർക്കും വിതരണം ചെയ്യുന്നത് എന്നർഥം.

ചെകുത്താൻ ഇറങ്ങലിന്റെ യാഥാർഥ്യം എന്തുമാകട്ടെ; മുഹമ്മദ് നബിയെപ്പോലെ സത്യസന്ധനും നീതിമാനും ധർമനിരതനും സംസ്കൃതനുമായ വ്യക്തിത്വത്തിനുമേൽ അവ നിറങ്ങുകയില്ലെന്നും ഖുർആൻ പോലെ സത്യവും ധർമവും കൽപിക്കുകയും അസത്യവും അധർമവും നിരാകരിക്കുകയും ചെയ്യുന്ന വിശുദ്ധ വചനങ്ങൾ പഠിപ്പിക്കുകയില്ലെന്നും വ്യക്തമാക്കുകയാണീ വചനങ്ങൾ. ■